DESPATCHED
On 12/8/21



4/8/21


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic.ker@nic.in


ഹർജി നമ്പർ **AP 499(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4946/SIC-Gen4/2021**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 4

ശ്രീ. എ.എസ്. പ്രേംകുമാർ,
അച്ചൂസ്,
ടി.സി.93/3005, ഫ്ളാറ്റ് നമ്പർ 7 ബി,
മാൻഷൻസ് പ്രഗതി അപ്പാർട്ട്മെന്റ്,
പള്ളിമുക്ക്, പേട്ട പി.ഒ.,
തിരുവനന്തപുരം - 24.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അക്കൗണ്ട്സ് ഓഫീസർ(പേസ്ലിപ്പ് & പെൻഷൻ),
കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, തിരുവനന്തപുരം.695 033.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അക്കൗണ്ട്സ് ഓഫീസർ(അഡ്മിൻ & എസ്റ്റാബ്ലിഷ്മെന്റ്)
കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, തിരുവനന്തപുരം.695 033.
3. അപ്പീൽ അധികാരി &
അക്കൗണ്ട്സ് മാനേജർ-2,
കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, തിരുവനന്തപുരം.695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 2.2.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 20.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.6.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 3.8.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ മാർ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.എസ്. പ്രേംകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 4.2.2021–ന് ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 10.2.2021–ന് ലഭ്യമാക്കിയ മറുപടിയിലെ 2–ാമത്തെ ഇനത്തിന് നൽകിയ മറുപടിയിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നേരിട്ട് എത്തി ബോധ്യപ്പെടാനാണ് ആവശ്യപ്പെട്ടത് എന്നും എന്നാൽ കോവിഡ് കാലമായതിനാലും ടിയാന് ശാരീരിക ബുദ്ധിമുട്ട് ഉള്ളതിനാലും നേരിട്ട് ഹാജരാകാൻ നിർവ്വാഹമില്ല എന്നും, ഏത് രീതിയിലാണോ ഫയലുകൾ സൂക്ഷിക്കുന്നത് അപ്രകാരമുള്ള രേഖകൾ നൽകുവാനായി ഒന്നാം അപ്പീൽ നൽകിയെന്നും തുടർന്ന് അപ്പീൽ അധികാരി 20.3.2021ന് നൽകിയ മറുപടി 10.2.21–ന് പി.ഐ.ഒ നൽകിയ മറുപടിയുടെ തനി ആവർത്തനവും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ഫോട്ടോകോപ്പി എടുക്കുവാൻ സാധിക്കാത്ത തരത്തിൽ അത്രയും വലിപ്പം ഏറിയതാണെന്നു നിരവധി പേജുകൾ കൂട്ടി ചേർത്തതും വ്യത്യസ്ത രജിസ്റ്ററുകളിൽ ഉള്ളതും ആയതുകൊണ്ട് പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ല എന്നുമാണ് അറിയിച്ചതെന്നും തനിക്ക് പെൻഷൻ ലഭിക്കുന്നതിനായി നിയമ നടപടിയുമായി മുന്നോട്ട് പോകുന്നതിന് ടി രേഖകൾ ആവശ്യമാണെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 2.2.2014 തീയതി വച്ച് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

i) കേരള വാട്ടർ അതോറിറ്റിയിൽ 30.4.2020 മുതൽ 31.12.2020 വരെ എത്ര ജീവനക്കാർ പെൻഷനായി പിരിഞ്ഞു പോയി എന്നും

ii) ഇപ്രകാരം പെൻഷൻ ആയ ജീവനക്കാരിൽ ഓരോരുത്തരും പെൻഷൻ പറ്റിയ തീയതിയും അതിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അവർക്ക് പെൻഷൻ അനുവദിച്ച തീയതി വ്യക്തമാക്കാമോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.2.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഒന്നാമത്തെ ചോദ്യവുമായി ബന്ധപ്പെട്ട വിവരം ഭരണ നിർവ്വഹണ വിഭാഗവുമായി ബന്ധപ്പെട്ടതാകയാൽ ടി ചോദ്യത്തിനുള്ള ഉത്തരം ഹർജിക്കാരന് നേരിട്ട് നൽകുന്നതിതായി അപേക്ഷയുടെ പകർപ്പ് രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറിയിട്ടുണ്ടെന്നും രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരത്തിന് ഹർജിക്കാരൻ പറഞ്ഞ കാലയളവിൽ അതോറിറ്റിയിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു പോയ ജീവനക്കാരിൽ ടി കാര്യാലയത്തിൽ ലഭിച്ച പെൻഷൻ പ്രൊപ്പോസലുകളും അവയിന്മേൽ നടത്തിയ പരിശോധന/അംഗീകാര പ്രക്രിയകളുടെയും വിവരങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെട്ട രീതിയിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽപ്പടി വിവരങ്ങൾ സംബന്ധിച്ച രേഖകളും ഫയലുകളും എതിർകക്ഷി കാര്യാലയത്തെ രേഖാമൂലം മുൻകൂട്ടി അറിയിച്ചശേഷം നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഹർജിക്കാരന് നേരിട്ട് പരിശോധിക്കാവുന്നതാണെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ ഒന്നാം അപ്പീൽ നൽകിയതായി കാണുന്നു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ

മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഫോട്ടോ കോപ്പി എടുക്കുവാൻ സാധിക്കാത്ത തരത്തിൽ വലുപ്പമേറിയതും നിരവധി പേജുകൾ കൂട്ടിച്ചേർത്ത് തയ്യാറാക്കിയതുമായ വ്യത്യസ്ത രജിസ്റ്ററുകളിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നും അവയുടെ പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ലെന്നും ആയതിനാൽ നിലവിൽ അത്തരം വിവരശേഖരണത്തിന് നേരിൽ വന്നു പരിശോധിക്കേണ്ടതാണെന്നുമാണ്.

5. 31.5.2021 തീയതി മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 2.2.2021 – ലെ അപേക്ഷയിൽ ഒന്നാം എതിർകക്ഷി മുമ്പാകെ ആവശ്യപ്പെട്ടിരുന്നത് കേരള വാട്ടർ അതോറിറ്റിയിൽ 30.4.2020 മുതൽ 31.12.2020 വരെ എത്ര ജീവനക്കാർ പെൻഷനായി പിരിഞ്ഞു പോയി എന്ന ചോദ്യത്തിന് മേൽ കാലയളവിൽ പെൻഷൻ ആയി പിരിഞ്ഞു പോയ ആകെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ഭരണ നിർവ്വഹണ വിഭാഗവുമായി ബന്ധപ്പെട്ടതാകയാൽ ഹർജിക്കാരന് മറുപടി നേരിട്ട് നൽകുന്നതിനായി ബന്ധപ്പെട്ട എസ്.പി.ഐ.ഒ ആയ അക്കൗണ്ട്സ് ഓഫീസർ (അഡ്മിൻ & എസ്റ്റാബ്ലിഷ്മെന്റ്)–ന് കൈമാറിയതായി അറിയിച്ചിട്ടുള്ളതാണെന്നും രണ്ടാമതായി ആവശ്യപ്പെട്ട പെൻഷനായ ജീവനക്കാരിൽ ഓരോരുത്തരും പെൻഷൻ പറ്റിയ തീയതിയും അതിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അവർക്ക് പെൻഷൻ അനുവദിച്ച തീയതിയും അപേക്ഷകൻ ആരാഞ്ഞിരുന്നുവെന്നും കേരള വാട്ടർ അതോറിറ്റിയിലെ സെക്ഷൻ, സബ് ഡിവിഷൻ, ഡിവിഷൻ, സർക്കിൾ, റീജിയണൽ തുടങ്ങിയ വ്യത്യസ്ത തലങ്ങളിലുള്ള കാര്യാലയങ്ങളിലെയും കേന്ദ്ര കാര്യാലയത്തിലെയും ജീവനക്കാർ വിരമിക്കുമ്പോൾ അവരുടെ പെൻഷൻ അനുവദിക്കുന്ന അധികാരികൾ ഓരോരുത്തരുടെയും തസ്തിക അനുസരിച്ച് വ്യത്യസ്ത കാര്യാലയങ്ങളിലെ വ്യത്യസ്ത തലങ്ങളിലുള്ളവരാണെന്നും ഒരേ സമയത്തിന് വിരമിക്കുന്ന വിവിധ കാര്യാലയങ്ങളിലെ ജീവനക്കാരുടെ പെൻഷൻ വ്യത്യസ്ത സമയങ്ങളിലാണ് ബന്ധപ്പെട്ട അധികാരികൾ അനുവദിക്കാറുള്ളതെന്നും അങ്ങനെ അനുവദിക്കപ്പെട്ട ശുപാർശകൾ വ്യത്യസ്ത സമയങ്ങളിലാണ് എതിർകക്ഷി കാര്യാലയത്തിൽ അന്തിമ ഓഡിറ്റിംഗിനായി എത്താറുള്ളതെന്നും ആയതിനാൽ തന്നെ ടി ചോദ്യത്തിന് ടി കാര്യാലയത്തിൽ ലഭ്യമായ മറുപടിയായി മേൽപ്പറഞ്ഞ കാലയളവിലെ അതോറിറ്റിയിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു പോയ ജീവനക്കാരിൽ നിന്നും ലഭിച്ച പെൻഷൻ പ്രൊപ്പോസലുകളും അവയിന്മേൽ നടത്തിയ പരിശോധന/അംഗീകാര പ്രക്രിയകളുടെയും വിവരങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെട്ട രീതിയിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി വിവരങ്ങൾ സംബന്ധിച്ച രേഖകളും ഫയലുകളും കാര്യാലയത്തിൽ മുൻകൂട്ടി അറിയിച്ച ശേഷം നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകന് നേരിട്ട് വന്ന് പരിശോധിക്കാവുന്നതാണെന്നു അറിയിച്ചിട്ടുള്ളതാണെന്നും 30.4.2020 ൽ പെൻഷൻ ആയ ഹർജിക്കാരന് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങളിൽ പെൻഷനും കമ്മ്യൂട്ടേഷൻ പെൻഷൻ എന്നിവ 3.2.2021 ലും ഗ്രാറ്റുവിറ്റി തുക 19.4.2021 ലും വിതരണത്തിനായി അംഗീകാരം നൽകിയിട്ടുണ്ടെന്നും കൂടാതെ 2009–ലെ ശമ്പള പരിഷ്കരണത്തിലെ ഓപ്ഷൻ തീയതിയിൽ സംഭവിച്ച ഒരു പിശക് ശ്രദ്ധയിൽപ്പെടുകയും ആയത് തിരുത്തുന്നതിനായി പെൻഷൻ അനുവദിക്കുന്ന അധികാരിയ്ക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയത് തിരുത്തൽ വരുത്തി ടി കാര്യാലയത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾക്ക് വിതരണ അംഗീകാരം നൽകുന്നതാണെന്നും ഹർജിക്കാരന് സമയബന്ധിതമായി ലഭ്യമായ വിവരങ്ങൾ എല്ലാം തന്നെ നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ വിവരാവകാശ അപേക്ഷയിലെ രണ്ടാം ഇനത്തിന് നൽകിയ മറുപടിയിലാണ് ഹർജിക്കാരന് ആക്ഷേപം ഉള്ളതെന്നു കാണുന്നു. 3.4.2020–ൽ പെൻഷൻ പറ്റിയ ഹർജിക്കാരന് ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും കിട്ടിയില്ല എന്നത് അംഗീകരിക്കാവുന്നതല്ല. എന്നാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ വിവിധ ഫയലുകളിലും രജിസ്റ്ററുകളിലുമായി അടങ്ങിയിരിക്കുന്നതാകയാൽ ആയത് ഹർജിക്കാരൻ ആവശ്യപ്പെട്ട രീതിയിൽ ക്രോഡീകരിച്ച് നൽകുന്നത് എതിർകക്ഷി ഓഫീസിന്റെ സാധാരണയുള്ള പ്രവർത്തനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്നും കൂടാതെ ടി രജിസ്റ്ററുകളിൽ അടങ്ങിയിട്ടുള്ള വിവരങ്ങൾ പകർത്തി നൽകുക എന്നത് തികച്ചും അപ്രയോഗികമാണെന്നും അത്തരം പ്രവർത്തനങ്ങൾ എതിർകക്ഷി ഓഫീസിൽ നിന്നും സമയബന്ധിതമായി നൽകേണ്ട മറ്റ് സേവനങ്ങളിൽ തടസ്സമുണ്ടാക്കുമെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഹർജിക്കാരനോ/ടിയാൻ അധികാരപ്പെടുത്തുന്ന പ്രതിനിധിക്കോ രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിന് എല്ലാ സൗകര്യങ്ങളും എതിർകക്ഷികൾ നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പിൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 4–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

RIGHT TO INFORMATION